# രക്ഷയുടെ പാതയിൽ



# ഈശോയെ അനുഭവിച്ച ജനം

സീറോ മലബാർ സഭയുടെ വിശ്വാസ പരിശീലന പാഠാവലി

6

# ഉള്ളടക്കം


1. പ്രവചനങ്ങൾ പൂർത്തിയാകുന്നു
2. ലോകത്തിന്റെ പാപങ്ങൾ നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്
3. പ്രലോഭനങ്ങളെ അതിജീവിച്ച ഈശോ
4. ദൈവരാജ്യത്തിന്റെ സുവിശേഷമറിയിക്കുന്ന ഈശോ
5. ദൈവികമഹത്വം വെളിപ്പെടുത്തിയ ഈശോ
6. പാപികളെ തേടിവന്ന ഈശോ
7. നമ്മുടെ മുറിവുകൾ ഏറ്റെടുത്ത ഈശോ
8. നമുക്കുവേണ്ടി മരിച്ച ഈശോ
9. ക്ഷമിക്കാൻ പഠിപ്പിച്ച ഈശോ
10. മരണത്തെ ജയിച്ച ഈശോ
11. എമ്മാവൂസ് അനുഭവം
12. എന്റെ കർത്താവേ, എന്റെ ദൈവമേ
13. സ്വർഗ്ഗാരോഹണവും പ്രേഷിതദൗത്യവും
14. പന്തക്കുസ്തായും വിശ്വാസപ്രഘോഷണവും
15. മഹത്ത്വീകൃതനായ ഈശോ

# പാഠം- 14



## പത്രോസിന്റെ പ്രസംഗം

- നിങ്ങൾ പശ്ചാത്തപിക്കുവിൻ. പാപമോചനത്തിനായി എല്ലാവരും ഈശോമിശിഹായുടെ നാമത്തിൽ സ്നാനം സ്വീകരിക്കുവിൻ.



## തോമ്മാശ്ലീഹാ ഭാരതത്തിൽ

ദിദീമൂസ് എന്നു വിളിക്കപ്പെട്ടിരുന്ന തോമ്മാശ്ലീഹയാണ് ഭാരതത്തിലേക്കുവന്നത്. എ.ഡി. 52–ലാണ് മാർ തോമ്മാശ്ലീഹാ ഭാരതത്തിലെത്തിയത്. അന്ന് മുസിരിസ് എന്നു വിളിക്കപ്പെട്ടിരുന്ന കൊടുങ്ങല്ലൂരിൽ അദ്ദേഹം കപ്പലിറങ്ങി. അക്കാലത്ത് അവിടെ അനേകം യഹൂദർ താമസിച്ചിരുന്നു. നവംബർ 21–ാം തീയതി നമ്മൾ തോമ്മാശ്ലീഹായുടെ ഭാരതപ്രവേശനത്തെ അനുസ്മരിക്കുന്നു.



## ഏഴുപള്ളികൾ

- നിരണം, കൊല്ലം, നിലയ്ക്കൽ, കോക്കമംഗലം, കോട്ടക്കാവ്, കൊടുങ്ങല്ലൂർ, പാലയൂർ എന്നിവയാണ് ആ ഏഴു സ്ഥലങ്ങൾ. തോമ്മാശ്ലീഹാ സ്ഥാപിച്ചു എന്നു പറയപ്പെടുന്ന ഒരു പള്ളി തിരുവിതാംകോട് അരപ്പള്ളി എന്ന പേരിൽ അറിയപ്പെടുന്നു.
- മാർതോമ്മാശ്ലീഹായെക്കുറിച്ച് വളരെയധികം വിവരങ്ങൾ നൽകുന്ന ഒരു അപ്രമാണിക ഗ്രന്ഥമാണ് തോമ്മായുടെ നടപടികൾ.
- എ.ഡി. 72–ൽ മൈലാപ്പൂരിലെ ചിന്നമലയിൽവച്ച് ശത്രുക്കളുടെ ശൂലത്താൽ മുറിവേറ്റ് തോമ്മാശ്ലീഹാ രക്തസാക്ഷിത്വം വരിച്ചു. പെരിയമലയിൽ അദ്ദേഹം സംസ്ക്കരിക്കപ്പെട്ടു. ജൂലൈ 3–ാം തീയതി ദുക്റാനത്തിരുനാൾ എന്ന പേരിൽ ഭാരത ക്രൈസ്തവ സമൂഹം ഇതിന്റെ ഓർമ്മ ആചരിക്കുന്നു. 1972–ൽ തോമ്മാശ്ലീഹായുടെ 19–ാം ചരമശതാബ്ദി ആഘോഷിച്ചപ്പോൾ 6–ാം പൗലോസ് പാപ്പാ അദ്ദേഹത്തെ ഭാരതത്തിന്റെ ശ്ലീഹ എന്ന് പ്രഖ്യാപിച്ചു.

# കൈത്താക്കാലം

- പന്തക്കുസ്താത്തിരുനാളിനു ശേഷം ഏഴ് ആഴ്ചകൾ കഴിഞ്ഞുവരുന്ന ഞായറാഴ്ചയാണ് കൈത്താക്കാലം ആരംഭിക്കുന്നത്. അന്ന് സഭയുടെ അടിസ്ഥാനമായ പന്ത്രണ്ടു ശ്ലീഹന്മാരുടെ തിരുനാളാണ്. വിശുദ്ധിയുടെ ഫലങ്ങൾ ധാരാളമായി പുറപ്പെടുവിച്ചുകൊണ്ട് സ്വർഗ്ഗരാജ്യത്തിന്റെ പ്രതീകമായി സഭ വളർന്നു കൊണ്ടിരിക്കുന്നതിനെയാണ് കൈത്താക്കാലം അനുസ്മരിപ്പിക്കുന്നത്. കൈത്താ എന്ന സുറിയാനി വാക്കിന് വേനൽക്കാലം എന്നാണ് അർത്ഥം. ഫലാഗമകാലം എന്നും ഈ കാലം അറിയപ്പെടുന്നു.

# എന്റെ തീരുമാനം

പരിശുദ്ധാത്മാവിന്റെ
പ്രചോദനങ്ങൾ
തള്ളിക്കളയാതെ
അവയ്ക്കനുസൃതമായി നല്ല
പ്രവൃത്തികൾ ചെയ്ത്
ഞാൻ ജീവിക്കും.


വഴികാട്ടാൻ ഒരു തിരുവചനം
“അവർ അപ്പസ്തോലന്മാരുടെ
പ്രബോധനം, കൂട്ടായ്മ, അപ്പം
മുറിക്കൽ, പ്രാർത്ഥന
എന്നിവയിൽ സദാ
താല്പര്യപൂർവ്വം പങ്കുചേർന്നു”